പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5564 — 04.07.2013 ന് മറുപടിയ്ക്ക്

## വ്യാവസായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ. എം. ഹംസ

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) 2012-13 വർഷക്കാലത്ത് വ്യാവസായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വ്യവസായ പരിശീലന വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(എ) വ്യാവസായിക പരിശീലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വ്യാവസായിക പരിശീലന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വെർച്ചൽ ക്ലാസ്സ്റൂം പദ്ധതി 34 സർക്കാർ ഐ.ടി.ഐ. കളിൽ നടപ്പിലാക്കി.

2) എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം വെർച്ചൽ ക്ലാസ്സ്റൂം സംവിധാനം ഉപയോഗിച്ച് പരിശീലനം നടത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

3) പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളായ എ.സി.ഡി, എം.എം.വി. തുടങ്ങിയവ 3 ഡി.എം. വിഷ്വൽ ക്ലാസ്സ്റൂം ട്രെയിനിംഗ് പ്രോഗ്രാമിലൂടെ പരിശീലനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4) ഇടനിലക്കാരുടെ സഹായമില്ലാതെ ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്ക് തൊഴിലവസരം ലഭ്യമാക്കാൻ www.skilljobs.kerala.gov.in എന്ന പേരിൽ ഒരു ജോബ് പോർട്ടൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

5) ട്രെയിനികളുടെ അച്ചടക്ക നിലവാരം ഉയർത്തുന്നതിനായി ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ എല്ലാ സർക്കാർ ഐ.ടി.ഐ. കളിലും നടപ്പിലാക്കിയിട്ടുണ്ട്.

6) ട്രെയിനികളുടെ അഡ്മിഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള എല്ലാ ജോലികളും ഓൺലൈനായി നടപ്പിലാക്കുന്നതിന് ടോട്ടൽ ആട്ടോമേഷൻ പദ്ധതി കെൽട്രോണിന്റെ സഹായത്താൽ നടന്നു വരുന്നു.

7) ഐ.ടി.ഐ. കളുടെ നിലവാരം മെച്ചപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ സഹായത്താൽ നിലവാര പഠനം നടത്തി വരുന്നു.

8) ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനായി മെ.ടൊയോട്ടോ കിർലോസ്കർ ലിമിറ്റഡ്, മെ.വോക്സ് വാഗൺ, മെ. മാരുതി, മെ.ആട്ടോഡെസ്ക് എന്നീ പ്രമുഖ കമ്പനികളുമായി വിവിധ സർക്കാർ ഐ.ടി.ഐ. കൾ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) 2012-13 വർഷത്തിൽ അതിനായി എത്ര തുക നീക്കിവെച്ചിരുന്നു; എത്ര തുക ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് കണക്ക് ലഭ്യമാക്കുമോ ? | (ബി) 2012-13 സാമ്പത്തിക വർഷം 64,62,75,000/- രൂപ (അറുപത്തി നാല് കോടി അറുപത്തി രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) വ്യാവസായിക പരിശീലന വകുപ്പിന് പദ്ധതിയിനത്തിൽ നീക്കി വച്ചിരുന്നു. ആയതിൽ 60,88,42,389/- (അറുപതു കോടി എൺപത്തയെട്ടു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി മുന്നൂറ്റി എൺപത്തൊൻപത് രൂപ) ചെലവഴിച്ചു. അവയുടെ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ANNUAL PLAN 2012-13
PLAN PROGRESS REPORT FOR THE YEAR 2012-13(AS ON 31-03-2013)
NAME OF DEPARTMENT: **INDUSTRIAL TRAINING**

| Sl.No. | Name of Scheme | Head of Account | Budget Provision | Financial progress( in ₹.) | | | % |
|---|---|---|---|---|---|---|---|
| | | | | Expenditure up to previous month | Expenditure for the Month | Cumalative expenditure | |
| 1 | Modernisation of ITIs | 2230-03-101-87 | 30,00,00,000 | 12,51,13,441 | 16,43,17,472 | 28,94,30,913 | 96.48 |
| 2 | Advanced vocational Training for Industrial Workers and Instructors | 2230-03-101-76 | 20,00,000 | 30,078 | 3,50,436 | 3,80,514 | 19.03 |
| 3 | Development of staff training Infrastructure | 2230-03-001-98 | 20,00,000 | 16,33,558 | 3,65,305 | 19,98,863 | 99.94 |
| 4 | Planning and monitoring cell and Modernization and computerization | 2230-03-001-97 | 1,00,00,000 | 15,47,600 | 70,28,166 | 85,75,766 | 85.76 |
| 5 | Kerala State Institute of Design | 2230-03-101-79 | 9,00,00,000 | 9,00,00,000 | 0 | 9,00,00,000 | 100.00 |
| 6 | Skill Development Progremme of ITD | 2230-03-001-96 | 13,00,00,000 | 6,50,00,000 | 6,50,00,000 | 13,00,00,000 | 100.00 |
| 7 | Establishment of Women ITI's | 2230-03-101-74 | 2,50,00,000 | 0 | 25,63,143 | 25,63,143 | 10.25 |
| 8 | IT Enabled Activities | 2230-03-001-95 | 2,00,00,000 | 9,40,258 | 1,85,21,561 | 1,94,61,819 | 97.31 |

| | | | | | | | |
|---|---|---|---|---|---|---|---|
| **Centrally sponsored Scheme** | | | | | | | |
| 1 | Upgradation ITIs into Centres of Excellence | 2230-03-101-83 | 6,65,00,000 | 5,27,70,691 | 1,32,19,641 | 6,59,90,332 | 99.23 |
| **100 Percent Centrally Sponsored Scheme** | | | | | | | |
| 1 | Upgradation of Government ITIs through PPP (100 CSS) | 2230-03-101-77 | 7,75,000 | 4,16,616 | 24,423 | 4,41,039 | 56.91 |
| | **Total** | | **64,62,75,000** | **33,74,52,242** | **27,13,90,147** | **60,88,42,389** | 94.21 |

Section Officer